## കാലടി പ്രകൃതി പഠന കേന്ദ്രം
## റിസർച്ച് റെയ്ഞ്ച്, കോടനാട്

### ലേലപരസ്യം

നമ്പർ : A-223/12 തീയതി :22/02/2012

കാലടി നേച്ചർ സ്റ്റഡി സെന്ററിന്റെ അധീനതയിലുള്ള ഫോറസ്റ്റ് സ്റ്റേഷനിലെ വിവിധ കേസുകളിൽപ്പെട്ടതും, വില്പനയ്ക്ക് യോഗ്യവുമായിട്ടുള്ളതുമായ തൊണ്ടിതടികൾ, കാറ്റിൽ വീണ് ലഭിച്ച തടികൾ, കേസിൽപ്പെട്ടതും, അല്ലാത്തതുമായ മറ്റു തടികൾ വനോല്പന്നങ്ങൾ തുടങ്ങിയവ ഈ ഓഫീസിൽ വച്ച് താഴെ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതികളിൽ രാവിലെ 11 മണിയ്ക്ക് കാലടി പ്രകൃതി പഠന കേന്ദ്രം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററോ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ വനം വകുപ്പിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരസ്യലേലം ചെയ്ത് വിൽക്കുന്നതാണ്. 20-12-2011ലെ കേരള ഗസറ്റ് നമ്പർ 50 ലെ 600 മുതൽ 601 വരെയുള്ള ഫോറസ്റ്റ് പേജുകളിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അവർകളുടെ PRO(5)4668/2011 തീയതി:07/12/2011 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള ലേല (ഓക്ഷൻ-കം-ടെണ്ടർ) നിബന്ധനകൾ ഈ ലേലത്തിനും ബാധകമായിരിക്കും. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ബാധകമാണ്.

ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഈട്ടി, തേക്ക്, എന്നിവയ്ക്ക് 20,000/- രൂപയും മറ്റ് തടികൾക്ക് 10,000/- രൂപയും നിരക്കിൽ നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതാണ്.

ലേലത്തിൽ വിളിച്ചെടുത്ത തൊണ്ടി സാധനങ്ങളുടെ വില 20,000/- രൂപയിൽ കവിയുന്നില്ലെങ്കിൽ ലേലത്തുകയുടെ 35% കുറഞ്ഞത് 20,000/- രൂപയും കൂടിയത് 1,00,000/- രൂപയും എന്ന കണക്കിൽ ലേലം കഴിഞ്ഞ ഉടനെ കെട്ടി വയ്ക്കേണ്ടതാണ്.

ലേലത്തിൽ പിടിച്ചതും സ്ഥിരപ്പെടുത്തിയതുമായ വനവിഭവങ്ങൾ അവയുടെ ബാക്കി വിലയും, നിലവിലുള്ള വില്പന നികുതിയും, വനനികുതിയും, ആദായനികുതിയും ഒടുക്കി ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 40 ദിവസത്തിനകം സ്ഥലത്തുനിന്നും നീക്കം ചെയ്യേണ്ടതാണ്.

ലേലതീയതിക്ക് മുൻപുതന്നെ ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വനവിഭവങ്ങളുടെ അളവ്, ഗുണനിലവാരം മുതലായവ ലേലക്കാർ കണ്ട് ബോധ്യപ്പെടേണ്ടതാണ്. ഇതു സംബന്ധിച്ച് ലേലത്തിനുശേഷം യാതൊരുവിധ പരാതിയും പരിഗണിക്കുന്നതല്ല.

കോടതി ഉത്തരവു വാങ്ങി ലേലം ചെയ്യുന്ന തടികളുടെ മുഴുവൻ വിലയും ലേലതീയതിയിൽ തന്നെ കെട്ടിവയ്ക്കേണ്ടതാണ്. നിയമാനുസൃതമായ ആദായ നികുതിയും ലേലദിവസം തന്നെ കെട്ടിവയ്ക്കേണ്ടതാണ്.

**പട്ടിക**

| നേച്ചർ സ്റ്റഡി സെന്റർ, കാലടി | മാർച്ച് 2012 | ഏപ്രിൽ 2012 | മെയ് 2012 | ജൂൺ 2012 | ജൂലൈ 2012 | ഓഗസ്റ്റ് 2012 | സെപ്തംബർ 2012 | ഒക്ടോബർ 2012 | നവംബർ 2012 | ഡിസംബർ 2012 |
|---|---|---|---|---|---|---|---|---|---|---|
| കുരിശുമുടി സ്റ്റേഷൻ | | 18 | 16 | 13 | 18 | 17 | 14 | 17 | 15 | 14 |
| റിസർച്ച് റെയ്ഞ്ച്, കോടനാട് | | 25 | 23 | 19 | 24 | 22 | 25 | 30 | 21 | 20 |

(ഒപ്പ്)
അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ
(കേരള ഗവർണ്ണർക്കുവേണ്ടി)

Office of the Asst. Conservator of Forests Nature Study Centre, Kalady